# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:6890 13.07.2012 - ൽ മറുപടിക്ക്

## കുടിവെള്ളക്ഷാമ പരിഹാരത്തിന് ചെറുകിട ഫിൽട്ടറേഷൻ പ്ലാന്റുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ | | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനം രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ചെറുകിട ഫിൽട്ടറേഷൻ പ്ലാന്റുകൾ സ്ഥാപിച്ച് അതാത് സ്ഥലങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്ന കമ്പനി സ്ഥാപിക്കുമെന്ന ഒരു വർഷത്തെ കർമ്മപരിപാടിയിലെ പ്രഖ്യാപനം നടപ്പാക്കപ്പെട്ടിട്ടില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കേരള ജലഅതോറിറ്റിയുടെ ഒരു വർഷത്തെ കർമ്മ പരിപാടിയിൽ ചെറുകിട ഫിൽട്രേഷൻ പ്ലാന്റുകൾ സ്ഥാപിച്ച് അതാത് സ്ഥലങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്ന കമ്പനി സ്ഥാപിക്കുമെന്ന പ്രഖ്യാപനം ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാരിന്റെ ഒരു വർഷകർമ്മപരിപാടിയിൽ " സുദൃഢ കേരളം - സുശക്തമായ അടിസ്ഥാന സൗകര്യങ്ങൾക്കുവേണ്ടി തീവ്ര യത്നങ്ങൾ " എന്ന ശീർഷകത്തിൽ പ്രസ്തുത കമ്പനി സ്ഥാപിക്കുമെന്ന പ്രഖ്യാപനം ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | ഈ പദ്ധതിയ്ക്കായി ബജറ്റിൽ എത്ര തുക നീക്കിവച്ചിരുന്നു; ഇതിനകം എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ ? | (സി) | കേരള ജല അതോറിറ്റി ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്കായി തുകയൊന്നും വകയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ